പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 185

23.03.2012-ൽ മറുപടിയ്ക്ക്

## നിയമം ലംഘിച്ചുള്ള നിർമ്മാണങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>,, റ്റി. യു. കുരുവിള | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| എ. നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | എ. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേയ്ക്കായി ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>2. പദ്ധതിയുടെ നിർവ്വഹണത്തിനായി നഗരസഭ/ജില്ല/സംസ്ഥാന തലങ്ങളിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചുമതല നിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.<br>3. നഗരസഭകളിൽ 67 ഓവർസിയർമാരുടെയും 69 അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെയും തസ്തിക സൃഷ്ടിച്ച് കരാർ വ്യവസ്ഥയിൽ നിയമനം നൽകാൻ നഗരസഭകൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br>4. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺസ് എന്നിവരുടെ പരിശീലനം പൂർത്തിയായിട്ടുണ്ട്.<br>5. പദ്ധതിയുടെ സന്ദേശം പൊതുസമൂഹത്തിൽ എത്തിക്കുന്നതിനായി പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br>6. പദ്ധതിക്ക് വേണ്ടി നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെ ഒരു വെബ് സൈറ്റും വെബധിഷ്ഠിത മാനേജ്മെന്റ് സിസ്റ്റവും വികസിപ്പിച്ചിട്ടുണ്ട്.<br>7. പദ്ധതി നിർവ്വഹണം, അവലോകനം എന്നിവയിൽ സംസ്ഥാന സർക്കാരിന് വേണ്ടുന്ന ഉപദേശം നൽകുന്നതിലേയ്ക്കായി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>8. 2010-11 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിലേയ്ക്കായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിനായി 5 കോടി |

രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

9. 2011-12-ൽ ലേബർ ബഡ്ജറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള നഗരസഭാ സ്ഥാപനങ്ങളുടെ ലേബർ ബഡ്ജറ്റിന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ തത്വത്തിൽ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

ബി. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്രത്തിൽ നിന്ന് ലഭിച്ചിട്ടുള്ള ധന സഹായം എത്രയെന്ന് വിശദമാക്കാമോ ;

ബി. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി കേന്ദ്രസഹായം ലഭിച്ചിട്ടില്ല.

സി. കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും അപേക്ഷയും ഓൺലൈ നായി നൽകുന്നതിന് ഏതെല്ലാം കോർപ്പ റേഷനുകളിലും നഗരസഭകളിലും സംവിധാനങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ ;

സി. കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും, അപേക്ഷയും ഓൺലൈനായി നൽകുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ പൂർണ്ണമായും കൊച്ചി, കോഴിക്കോട്, തൃശ്ശൂർ എന്നീ കോർപ്പറേഷനുകളിൽ ഭാഗികമായും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ (ചട്ടങ്ങൾ പ്രകാരമുള്ള) അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള കമ്പ്യൂട്ടർ സംവിധാനം കേരള സുസ്ഥിര നഗര വികസന (കെ.എസ്.യു.ഡി.പി.) പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ഡി. നിയമം ലംഘിച്ചുള്ള നിർമ്മാണങ്ങൾ നടത്തുന്നവർക്കെതിരെയും, അനധികൃത കെട്ടിട നിർമ്മാണം നടത്തുന്നത് കണ്ടെത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഡി. നിയമം ലംഘിച്ചുള്ള നിർമ്മാണങ്ങൾ കണ്ടെത്തിയാൽ നിർമ്മാണം നിർത്തിവയ്ക്കുന്നതിനുള്ള നോട്ടീസ് നൽകുകയും തുടർന്ന് നിർമ്മാണം തടയുന്നതിന് പോലീസിന്റെ സഹായം തേടുകയും ചെയ്യുന്നു. നിശ്ചിത സമയത്തിനകം അനധികൃതമായി നിർമ്മിച്ച ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിന് കക്ഷിയ്ക്ക് നിയമാനുസൃതമുള്ള നോട്ടീസ് നൽകുകയും കക്ഷി നിശ്ചിത സമയത്തിനകം കെട്ടിടം പൊളിച്ചു നീക്കിയില്ലെങ്കിൽ നഗരസഭ തന്നെ പോലീസ് സഹായത്തോടെ പൊളിച്ചു മാറ്റുകയും ചെയ്യുന്നു.

ബന്ധപ്പെട്ട ബിൽഡിംഗ് ഇൻസ്പെക്ടറുടെ ചുമതലയിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, നടപടികൾ സ്വീകരിക്കുന്നു. കൂടാതെ അവധി കാലങ്ങളിൽ നടക്കുന്ന അനധികൃത നിർമ്മാണം കണ്ടെത്തുന്നതിന് നഗരസഭകളിൽ പ്രത്യേകം സ്കോഡുകൾ രൂപീകരിക്കുകയും ഇവരുടെ സഹായത്തോടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ.